**File No.: GE-DA2/53/2025-G.EDN**

"ഭരണഭാഷ-

മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-കണ്ണൂർ ആറളം ഫാം ഗവ.എച്ച്.എസ്.എസ്-ലെ പ്രിൻസിപ്പലായ ശ്രീ വിനയരാജ് എസ്-നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3604/2025/GEDN തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/04/2025 ലെ HSE/6749/2025-Ad D1 നം ഉത്തരവ്

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/04/2025 ലെ HSE/6749/2025-Ad D1 നം കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ചിയ്യൂർ എൽ പി സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീ പ്രകാശൻ കെ, ടി സ്കൂളിലെ 5-ാം ക്ലാസ് വിദ്യാർഥിനിയോട് 24/04/2023 ൽ ടി സ്കൂളിലെ ഓഫീസ് റൂമിൽ വെച്ച് ലൈംഗികാതിക്രമം നടത്തിയ വിവരം ടി സ്കൂളിലെ മാനേജർ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ആയത് പോലീസിലോ മേലധികാരികൾക്കോ റിപ്പോർട്ട് ചെയ്യാതെ ടി വിവരം മറച്ചു വയ്ക്കുന്നതിന് കൂട്ടു നിന്നതിന് മുൻ നാദാപുരം എ.ഇ.ഒ-യും നിലവിൽ കണ്ണൂർ ആറളം ഫാം ഗവ.എച്ച്.എസ്.എസ്-ലെ പ്രിൻസിപ്പലുമായ ശ്രീ വിനയരാജ് എസ്-നെതിരെ പോക്സോ ആക്ട് 2012 ലെ സെക്ഷൻ 21 പ്രകാരം കേസ് എടുക്കുന്നതിന് CMP നം 773/2024 in RC 20/2024 നം ഹർജിയിൽ ബഹു

കോഴിക്കോട് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി 28/03/2025 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പരാമർശം (1) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ, ടിയാനെ, സർക്കാർ സാധൂകരണത്തിന് വിധേയമായി, സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവ് സാധൂകരിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മുൻ നാദാപുരം എ.ഇ.ഒ-യും നിലവിൽ കണ്ണൂർ ആറളം ഫാം ഗവ.എച്ച്.എസ്.എസ്-ലെ പ്രിൻസിപ്പലുമായ ശ്രീ വിനയരാജ് എസ്-നെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) പ്രകാരമുള്ള നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹേമലത സി കെ**
**#ApprovedByDesignation#**

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കണ്ടറി വിദ്യാഭ്യാസം), തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം, കോഴിക്കോട്
ശ്രീ. വിനയരാജ് എസ് (സസ്പെൻഷനിൽ) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
വെബ് കൈറ്റ്സ്/ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 02-06-2025 10:42:32
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്